ഉത്തരം

(എ, ബി) തൊഴിലില്ലായ്മമൂലം കശുവണ്ടി വികസന കോർപ്പറേഷനിലെ ആരും ആത്മഹത്യ ചെയ്തതായി കോർപ്പറേഷൻ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ കോർപ്പറേഷന്റെ 20-ാം നമ്പർ ഇളമ്പത്തൂർ ഫാക്ടറിയിലെ ഒരു തൊഴിലാളി സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആത്മഹത്യ ചെയ്തതായി അറിയുന്നു.

സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷൻ

123 [2599] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ ഉല്പന്നങ്ങൾ ഇന്ത്യ മുഴുവൻ വിറ്റഴിച്ചിരുന്ന സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷനെ ആ ചുമതലയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; ഇപ്രകാരം ഒഴിവാക്കിയതിനുള്ള കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ വിപണനം നടത്തുന്നത് ആരാണ്;

(സി) പുതിയ വിപണന സമ്പ്രദായം ആവിഷ്കരിച്ചതിനുശേഷം വില്പനയുടെ കാര്യത്തിൽ എന്തു മാറ്റമാണ് ഉണ്ടായിട്ടുള്ളത്; വില്പനയിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ പഴയ വില്പന സമ്പ്രദായം പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ;

(ഡി) സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷനിലെ തൊഴിലാളികളെ ടി.ടി.പി.-യുടെ മാർക്കറ്റിംഗ് വിംഗിലേക്ക് പുനർവിന്യാസം ചെയ്യുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിപണനത്തിൽ വന്ന കുറവുമൂലം കഴിഞ്ഞ രണ്ടു വർഷത്തോളം കോടിക്കണക്കിനു രൂപ വിലമതിക്കുന്ന ഉല്പന്നങ്ങൾ കെട്ടിക്കിടക്കുകയും അതുമൂലം ഉല്പാദനം ഗണ്യമായി വെട്ടിക്കുറയ്ക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തിലാണ് ഉല്പന്നവില മത്സരക്ഷമതയുള്ളതാക്കുന്നതിനായി 2003 മാർച്ച് മാസം ഏഴാം തീയതി മുതൽ ട്രാവൻകൂർ ടൈറ്റാനിയത്തിന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന ചുമതലയിൽനിന്ന് സംസ്ഥാന വ്യവസായോല്പന്ന വിപണന കോർപ്പറേഷനെ ഒഴിവാക്കിയത്.

(ബി) ടി.ടി.പി. ഇപ്പോൾ നേരിട്ടാണ് വിപണനം നടത്തുന്നത്.

(സി) പുതിയ വിപണന സമ്പ്രദായം ആവിഷ്കരിച്ചതിനുശേഷം മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വിൽപ്പന താരതമ്യേന കുറവായിരുന്നുവെങ്കിലും കമ്പനി തുടങ്ങിയതിന് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിമാസ വിപണനം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ നേടി.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly